പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3788 | 23.08. 2017 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിലെ പൊതുസ്ഥലംമാറ്റം

ചോദ്യം

ശ്രീ.വി.ആർ.സുനിൽകുമാർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ ഈവർഷത്തെപൊതുസ്ഥലംമാറ്റത്തിന് ഓഫീസർ കാറ്റഗറിയിലെ ഉദ്യോഗസ്ഥ വിഭാഗത്തിന് ബാധകമായ വ്യവസ്ഥകൾ മറ്റ് ജീവനക്കാരുടേതിൽ നിന്ന് വ്യത്യസ്തമാണ് എന്ന പരാതി പരിശോധിക്കുമോ; | (എ) വൈദ്യുതി ബോർഡിലെ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നിലവിലുണ്ടായിരുന്ന പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ വ്യത്യസ്തമാണ്. പുതിയ ഉത്തരവുകൾ പ്രകാരവും ഇരു വിഭാഗത്തിനും ബാധകമായ വ്യവസ്ഥകൾ വ്യത്യസ്തമാണ്. |
| (ബി) വിവിധ ഓഫീസുകളിലെ തസ്തികകൾ പോസ്റ്റിംഗ് സ്റ്റൈങ്ത് എന്ന പേരിൽ വെട്ടിക്കുറയ്ക്കുന്നത് വ്യാപകമായ ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തിന് കാരണമാകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വെട്ടിക്കുറയ്ക്കലുകൾ നടത്തുന്നത് മികച്ച സേവനം സ്ഥാപനത്തിന് ലഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കും എന്നതിനാൽ അനുവദനീയ തസ്തികകളിൽ മുഴുവൻ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ അധികാരികൾക്ക് നിർദ്ദേശം നൽകുമോ; | (ബി) ഒരു ഓഫീസിലെയും തസ്തികകൾ വെട്ടിക്കുറയ്ക്കാൻ ബോർഡ് ആലോചിച്ചിട്ടില്ല. വിവിധ ജില്ലകളിൽ ഒഴിവുള്ള തസ്തികകൾ ഏകദേശം ഒരേ അനുപാതത്തിലാക്കുകയും കമ്പ്യൂട്ടർ അധിഷ്ഠിതമായി സ്ഥലം മാറ്റ ഉത്തരവ് ഇറക്കാനുമാണ് പോസ്റ്റിംഗ് സ്റ്റൈങ്തിലൂടെ ഇപ്പോൾ ശ്രമിക്കുന്നത്. ഒഴിവു വരുന്ന തസ്തികകളിൽ പ്രമോഷൻ വഴിയോ നിയമനം വഴിയോ പുനരേകീകരണം വഴിയോ നികത്തപ്പെടുന്നതാണ്. |
| (സി) നിലനിന്നിരുന്ന വ്യവസ്ഥകൾ അട്ടിമറിച്ച് പുതിയതായി ഒരു സൂത്രവാക്യം ഇതിനായി സൃഷ്ടിച്ചത് ഉദ്യോഗസ്ഥ വിഭാഗം ജീവനക്കാരിൽ വലിയ അളവിൽ പരിഭ്രാന്തിയും അസ്വസ്ഥതയും ഉണ്ടാക്കിയിട്ടുണ്ട് എന്ന പരാതി പരിശോധിക്കുമോ; | (സി) വൈദ്യുതി ബോർഡിലെ ഓഫീസർമാരുടെ സംഘടനകളുമായി ചർച്ച ചെയ്താണ് പൊതു സ്ഥലംമാറ്റ ഉത്തരവ് ബോർഡ് പുറത്തിറക്കുന്നത്. പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതിന് ബോർഡ് തലത്തിൽ റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) സ്ഥിര അംഗവൈകല്യം ബാധിച്ചവർ, വിധവകൾ തുടങ്ങിയ പരിഗണന അർഹി-ക്കുന്ന വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ലഭിച്ചിരുന്ന സ്ഥലംമാറ്റത്തിൽ നിന്നുമുള്ള സംരക്ഷണം അതേപടി തുടരുവാനുള്ള നിർദ്ദേശങ്ങൾ ബോർഡ് അധികാരികൾക്ക് നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) സ്ഥിര അംഗവൈകല്യം ബാധിച്ചവർ, വിധവകൾ തുടങ്ങിയ പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സ്ഥലം മാറ്റത്തിൽ നിന്ന് സംരക്ഷണം നൽകാൻ പുതിയ ഉത്തരവിലും വ്യവസ്ഥയുണ്ട്. കൂടാതെ അതാത് ജില്ലകളിൽ ഇത്തരത്തിലുള്ള സംരക്ഷണം നൽകുന്നത് നിരീക്ഷിക്കാൻ സമിതിയേയും ചുമതല പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ